(ഡി) മൂവാറ്റുപുഴ മുനിസിപ്പാലിറ്റി ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള അപേക്ഷയിൽ നടപടി ഉണ്ടായിട്ടുണ്ടോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ ആന്റ് ബി) നിലവിൽ പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുതുതായി ഐ.റ്റി.സി.-കൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ മൂവാറ്റുപുഴയിൽ ഒരു പുതിയ ഐ.റ്റി.സി. സ്ഥാപിക്കാൻ നഗരസഭ സ്ഥലം ലഭ്യമാക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുകയാണെങ്കിൽ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ ഐ.റ്റി.സി. തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ, ഐ.റ്റി.സി. തുടങ്ങുന്നതിനുള്ള സ്ഥലസൗകര്യം, NCVT-യുടെ അംഗീകാരം ലഭിയ്ക്കാനുള്ള സാധ്യത തുടങ്ങിയവയാണ് പ്രധാനമായും മാനദണ്ഡങ്ങളായി കണക്കാക്കുന്നത്.

(ഡി) മൂവാറ്റുപുഴ താലൂക്കിൽ വെള്ളൂർക്കുന്ന് വില്ലേജിൽ സർവ്വേ നമ്പർ 539/5, 539/6B, 540/2B-യിൽപ്പെട്ട ഒരു ഏക്കർ സ്ഥലം പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ഐ.റ്റി.സി. തുടങ്ങുന്നതിനുവേണ്ടി വിട്ടുകൊടുക്കുവാൻ തദ്ദേശ ഭരണ വകുപ്പ് 21-3-2003-ലെ 1001/2003/തദവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 28-10-2003-ൽ കൂടിയ നഗരസഭാ കൗൺസിൽ ഇത് തത്വത്തിൽ അംഗീകരിക്കുകയും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി മാത്രമേ സ്ഥലം അനുവദിക്കുവാൻ കഴിയുകയുള്ളൂ എന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ 18-12-2003-ൽ കത്ത് മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്.

1. നഗരസഭ അനുവദിച്ച സ്ഥലം ITC-യും അതിനോടനുബന്ധമായ സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിന് മാത്രമേ ഉപയോഗിക്കാവൂ.

2. മറ്റേതെങ്കിലും ആവശ്യത്തിന് ടി സ്ഥലം ഉപയോഗിക്കുന്നതിന് അനുവദിക്കുന്നതല്ല.

3. 3 വർഷത്തിനകം നിർമ്മാണം പൂർത്തീകരിക്കണം.

4. താൽക്കാലികമായി കോഴ്സുകൾ തുടങ്ങുന്നതിന് സൗകര്യം ചെയ്തു കൊടുക്കാമെന്ന് അറിയിക്കുന്നതിന് നിശ്ചയിച്ചു.

5. ഏതെങ്കിലും കാരണത്താൽ സ്ഥാപനം നിർത്തി പോകുകയാണെങ്കിൽ ടി സ്ഥലവും കെട്ടിടവും നഗരസഭയ്ക്ക് നിരുപാധികം വിട്ടുതരേണ്ടതാണ്.

മേൽപ്പറഞ്ഞ നഗരസഭയുടെ വ്യവസ്ഥകൾ അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് ഡാം സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്നതിന് നടപടി

*6 [306] ശ്രീ. എൻ. രാജൻ:
„ പി. എസ്. സുപാൽ:
„ എം. കുമാരൻ:
„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷങ്ങളോളം പഴക്കമുള്ളതും ബലക്ഷയം സംഭവിച്ചതുമായ എത്ര ഡാമുകൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡാം സുരക്ഷാ അതോറിറ്റി രൂപീകരണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി ഏതു ഘട്ടം വരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെങ്കിലും ഡാമുകളിൽ നിന്നും ജലചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഡാമുകളിൽ നിന്നാണ് ചൂഷണം നടക്കുന്നത്; ചൂഷണം ചെയ്തെടുക്കുന്ന ജലം എവിടേക്കാണ് കൊണ്ടു പോകുന്നതെന്ന് വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാനതല അണക്കെട്ട് സുരക്ഷാ സമിതി കേരളത്തിലെ അണക്കെട്ടുകൾ പരിശോധിച്ച് നൽകിയ റിപ്പോർട്ടനുസരിച്ച് ബലക്ഷയം വന്ന് അപകടാവസ്ഥയിൽ ഉള്ള ഒരു ഡാമും കേരളത്തിൽ ഇല്ല. എന്നാൽ ഒരു ശതാബ്ദത്തിൽ അധികം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം പൊതുവെ സുരക്ഷിതമല്ല എന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(ബി) 2003-ലെ കേരള ജലസേചനവും ജലസംരക്ഷണം ആക്ടിൽ അണക്കെട്ട്, സുരക്ഷാഅതോറിറ്റിയുടെ രൂപീകരണത്തിന് വ്യവസ്ഥയുണ്ട്. ചട്ടങ്ങൾ രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ പൂർത്തിയാക്കിയതിനുശേഷം അതോറിറ്റി രൂപീകരിക്കാനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

വനവിഭവങ്ങൾ ശേഖരിക്കാനുള്ള ആദിവാസികളുടെ അവകാശം സംരക്ഷിക്കാൻ നടപടി

*7 [307] ശ്രീ. കെ. കെ. ജയചന്ദ്രൻ:
" ടി. പി. രാമകൃഷ്ണൻ:
" എം. വി. ജയരാജൻ:
" വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവിഭവങ്ങൾ ശേഖരിക്കാനുള്ള ആദിവാസികളുടെ അവകാശം നിയമംമൂലം ഇല്ലാതാക്കാനുള്ള വനംവകുപ്പിന്റെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആദിവാസികൾ നേരിടുന്ന തൊഴിലില്ലായ്മയും സാമ്പത്തിക പരാധീനതകളും വർദ്ധിപ്പിക്കാനിടയാക്കുന്ന ഈ നീക്കം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) സംസ്ഥാനതലത്തിൽ ഇങ്ങനെ ഒരു നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സുപ്രീം കോടതിയുടെ 14-2-2000-ലെ 548-ാം നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം സംരക്ഷിത മേഖലകളിൽ നിന്ന് ജീർണ്ണിച്ചതും രോഗം പിടിച്ചതുമായ വൃക്ഷങ്ങൾ മുറിക്കുന്നത് നിരോധിച്ചിട്ടുണ്ട്. പുൽച്ചെടികൾപോലും ഇക്കൂട്ടത്തിൽപ്പെടുത്തിയിരിക്കുന്നു.

(ബി) സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly